# സ്റ്റീറോയ്ഡ് ഔഷധങ്ങൾ-
# ജീവൻ തരികയും ജീവനെടുക്കുകയും ചെയ്യും.

വൈദ്യശാസ്ത്രത്തിൽ വളരെ വിപുലമായി ഉപയോഗിക്കപ്പെടുന്ന ഔഷധങ്ങളാണ് സ്റ്റീറോയ്ഡുകൾ. 1950–തിൽ നൊബേൽ പ്രൈസ് നൽകപ്പെട്ടത് ഈ ഹോർമോൺ കണ്ടുപിടിത്തത്തിനാണ്. ഗുളികകൾ, ഇഞ്ചക്ഷനുകൾ, ഓയിന്റ്മെന്റുകൾ, ഇൻഹേലറുകൾ തുടങ്ങി പല രൂപത്തിലും സ്റ്റീറോയ്ഡ് ഇന്ന് ലഭ്യമാണ്. ശരിയായ അളവിൽ ഉപയോഗിക്കേണ്ടതായിട്ടുള്ള ഘട്ടങ്ങളിൽ മാത്രം പ്രയോജനപ്പെടുത്തുമ്പോൾ സ്റ്റീറോയ്ഡ് ഏറ്റവും ശക്തനും പ്രബലനും ആകുന്നു. എന്നാൽ ഡോക്ടറുടെ നിർദ്ദേശം കൂടാതെ ഈ ഔഷധം ഉപയോഗിക്കുകയാണെങ്കിൽ അത് അതീവ ഗുരുതരങ്ങളായ അടിമുതൽ മുടിവരെ അപകട പാർശ്വഫലങ്ങൾ വരുത്തിത്തീർക്കുന്ന ഒരു അവസ്ഥയിലെത്തിച്ചേരുകയും ചെയ്യുന്നു.

സാധാരണയായി ഉപയോഗിക്കപ്പെടുന്ന സ്റ്റീറോയ്ഡ് ഔഷധങ്ങൾ Prednisolone, Betacortisone, Dexamethasone, Methylprednisolone ഇങ്ങനെ ഈ കുടുംബത്തിൽ കുറെയേറെ ഔഷധങ്ങളുണ്ട്. ഇത് ഒറ്റയായിട്ടും മറ്റൗഷധങ്ങൾക്കൊപ്പവും വിപണിയിൽ ലഭ്യമാണ്. സ്റ്റീറോയ്ഡ് ഗുളികകളോ ഇഞ്ചക്ഷനോ ആരോഗ്യമുള്ള വ്യക്തികൾക്ക് കൊടുക്കുകയാണെങ്കിൽ കൂടിയും അത് പെട്ടെന്ന് ഒരു ഉന്മേഷത്തിനും ഊർജ്ജസ്വലതയ്ക്കും വകനൽകും. എന്നാൽ ഈ പെട്ടെന്നുള്ള സുഖവും സന്തോഷവും താല്കാലികം മാത്രമാണ്. ദിവസങ്ങളും ആഴ്ചകളും കഴിയുമ്പോൾ പതിയെ പതിയെ ശരീരത്തിന്റെ ഭാരം കൂടി വരുന്നു, മുഖം വീർത്തു വരുന്നു. ഈ ഘട്ടമെത്തുമ്പോൾ പലരും മുഖസൗന്ദര്യം വർദ്ധിച്ചു എന്നു തെറ്റിദ്ധരിച്ച് സന്തോഷിക്കാറുണ്ട്. ഏറെക്കാലം സ്റ്റീറോയ്ഡ് ഔഷധങ്ങൾ ഉപയോഗിക്കുന്നവർക്ക് ഗുരുതരമായ പാർശ്വഫലങ്ങളായ ഉയർന്ന രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാര ഉയർന്ന് പ്രമേഹം വരിക, എല്ലുകൾക്ക് ബലക്ഷയം ഉണ്ടായി ഒടിവുകൾ വരിക, കണ്ണിൽ Cataract, Glaucoma തുടങ്ങി ശരീരമാസകലം ബാധിക്കുന്ന നിരവധി ചികിത്സിക്കുവാൻ തന്നെ ബുദ്ധിമുട്ടുള്ള അസുഖങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമാകുന്നു.

പ്രമേഹരോഗികൾക്ക് സ്റ്റീറോയ്ഡ് ഉപയോഗിക്കേണ്ടതായി വന്നാൽ അത് അഞ്ചോ പത്തോ ദിവസങ്ങളാണെങ്കിൽ കൂടിയും രക്തത്തിലെ പഞ്ചസാര നിയന്ത്രിക്കുവാൻ പ്രമേഹത്തിനുപയോഗിക്കുന്ന ഔഷധങ്ങളുടെ അളവ് താല്ക്കാലികമായെങ്കിലും കൂട്ടേണ്ടതായി വരും. സ്റ്റീറോയ്ഡ് ജീവൻരക്ഷാ ഔഷധമാണ്. ഗുരുതരമായ അർബുദരോഗങ്ങൾ, ചില ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ എന്നുമാത്രമല്ല,

സാധാരണ ചികിത്സയോട് പ്രതികരിക്കാത്ത ചുമ, ത്വക്ക് രോഗങ്ങൾ തുടങ്ങി നിരവധി രോഗങ്ങൾക്ക് ഇത് ആശ്വാസം പകരുന്നു. സ്റ്റീറോയ്ഡ് ഉള്ളിൽ കഴിക്കുന്നവർ അത് ദീർഘകാലം ഉപയോഗിക്കുകയാണെങ്കിൽ പതിയെ പതിയെ മാത്രമാണ് അതു നിറുത്തുവാൻ ഡോക്ടർമാർ ഉപദേശിക്കുക. ഇത് മറ്റു പാർശ്വഫലങ്ങൾ ഒഴിവാക്കുവാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്.

ജൂലൈ മാസം അമേരിക്കയിലെ FDA (Food and Drug Administration) പല മരുന്നുകൾ നിരോധിക്കുന്നതിനോടൊപ്പം ഭാരതത്തിൽ നിന്നും അമേരിക്കയിൽ വിറ്റഴിക്കപ്പെടുന്ന ചേരുവകൾ തിരിച്ചറിയുവാൻ കഴിയാത്ത ശാസ്ത്രീയ പരീക്ഷണങ്ങളിലൂടെ കടന്നു പോകാത്ത ഔഷധങ്ങൾ കൂടി നിരോധിക്കുകയുണ്ടായി. ആയുർവേദം, ഹോമിയോ എന്ന പേരിലൊക്കെ വില്ക്കപ്പെടുന്ന ഇത്തരം ഔഷധങ്ങളിലെ ചേരുവകൾ വെളിപ്പെടുത്തിയില്ലായെങ്കിൽ അവ ഉപയോഗിക്കുവാൻ പാടില്ലാ എന്നാണ് നിർദ്ദേശം. കേരളത്തിലും മറ്റും വില്ക്കപ്പെടുന്ന നിരവധി വ്യാജ ഔഷധങ്ങളിൽ സ്റ്റീറോയ്ഡ് ഉണ്ടാകാം എന്ന ഒരു ആശങ്ക എവർക്കും ഉള്ളതാണ്. അങ്ങനെ സംശയം തോന്നുകയാണെങ്കിൽ ഈ ഔഷധങ്ങൾ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. വ്യാജ ചികിത്സകർ ശാരീരിക അസ്വസ്ഥതകൾ തുടങ്ങി ശ്വാസംമുട്ടിനും വന്ധ്യതയ്ക്കും വരെ സ്റ്റീറോയ്ഡ് ഔഷധങ്ങൾ കൂടി ചേർത്താണ് വിപുലമായി വില്ക്കുന്നത്.

സ്റ്റീറോയ്ഡ് ഗുരുതര പാർശ്വഫലങ്ങൾ ഉണ്ടാക്കുന്ന ഒരു ഔഷധമാണ് എന്ന് പൊതുവെ എല്ലാവർക്കുമറിയാം. എന്നാൽ താൻ കഴിക്കുന്ന ഔഷധത്തിൽ സ്റ്റീറോയ്ഡ് ചേർന്നിട്ടുണ്ടോ എന്ന് തിരിച്ചറിയുവാനാണ് പലർക്കും കഴിയാതെ പോകുന്നത്. ത്വക്ക് രോഗത്തിനും ചുമയ്ക്കും അഞ്ചോ ആറോ ദിവസം സ്റ്റീറോയ്ഡ് ഗുളിക എഴുതി നൽകുമ്പോൾ അതു പകരുന്ന സുഖം കാരണം അത് വർഷങ്ങളോളം തുടർന്നുപയോഗിക്കുന്ന നിരവധി മലയാളികളെ കണ്ടെത്തുവാൻ കഴിയും. അതുകൊണ്ടു തന്നെ സ്റ്റീറോയ്ഡ് ഔഷധങ്ങൾ എന്തൊക്കെയാണ് ഏതൊക്കെയാണ് എന്നു തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. അത് ചോദിച്ച് മനസ്സിലാക്കുകയാണ് നല്ലത്.

ആപത്ഘട്ടങ്ങളിൽ ഇഞ്ചക്ഷനായെടുക്കുമ്പോൾ ജീവൻ തന്നെ തിരിച്ചു കിട്ടുന്നത് ഈ ഔഷധത്തിന്റെ പ്രവർത്തനം ഒന്നുകൊണ്ടു മാത്രമാണ്. നിർഭാഗ്യവശാൽ വ്യാജ ഔഷധങ്ങളിൽ ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്നത് സ്റ്റീറോയ്ഡുകൾ തന്നെയാണ്. പലപ്പോഴും ഇത് തിരിച്ചറിയുവാൻ കഴിയാതെയും വരുന്നു.